# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.5178/23/OAD

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
10/04/2023

## സർക്കുലർ

വിഷയം:- ആഡിറ്റ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്.

സൂചന:- ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 14/03/2023-ലെ FAO.153/23/IAD നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇന്റേണൽ ആഡിറ്റിന്റെ ഭാഗമായി ഫിനാൻസ് & അക്കൗണ്ട്സ് ആഫീസിൽ നിന്നും എല്ലാ മാസവും അവസാന വാരം, തൊട്ടടുത്ത മാസത്തെ അഡ്വാൻസ് ആഡിറ്റ് പ്രോഗ്രാം ആഡിറ്റിന് വിധേയമാകുന്ന സബ്ഗ്രൂപ്പ് ഉൾപ്പെടുന്ന ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകളിൽ നൽകാറുള്ളതായും കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായും, എന്നാൽ ആഡിറ്റ് പൂർത്തീകരിച്ച് ചുമതലാ വിവരം ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം ചുമതലക്കാരായ ഉദ്യോഗസ്ഥരെ അറിയിക്കുമ്പോൾ ആണ് പലപ്പോഴും ആഡിറ്റ് നടന്ന വിവരം തന്നെ ടി ജീവനക്കാർ അറിയുന്നതെന്നും അതിനാൽ റിവ്യൂ സമയത്താണ് ബന്ധപ്പെട്ട പല രേഖകളും ഹാജരാക്കുകയും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നതെന്നും, ആയതിനാൽ ആഡിറ്റ് നോട്ട് തയ്യാറാക്കി നടപടി നടത്തുവാൻ കാലതാമസം വരുന്നതായും സൂചന നമ്പരായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

ആയതിനാൽ പ്രസ്തുത അഡ്വാൻസ് ആഡിറ്റ് പ്രോഗ്രാം ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകളിൽ ലഭ്യമായാലുടൻ ബന്ധപ്പെട്ട ജീവനക്കാരെ രേഖാമൂലം അറിയിക്കുന്നതിനും, ആഡിറ്റിനാവശ്യമായ രേഖകൾ സമർപ്പിച്ച് തുക ഒടുക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ഇതിനാൽ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
6. സെക്ഷൻ ഫയൽ

AR.11/04